പതിനാറാം കേരളനിയമസഭ

രണ്ടാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ: 1435 **16-10-2026-ൽ മറുപടിയ്ക്ക്**

നഗരൂരിലെ കൃഷിഭവന് പുതിയ മന്ദിരം

ചോദ്യം ഉന്നയിച്ച അംഗങ്ങൾ	**മറുപടി നൽകിയ മന്ത്രി**
ശ്രീമതി ഒ. എസ്. അംബിക	ശ്രീ. ടി. സിദ്ദീഖ് (കൃഷി വകുപ്പ് മന്ത്രി)

(എ) ആറ്റിങ്ങൽ നിയോജക മണ്ഡലത്തിലെ നഗരൂരിലെ കൃഷിഭവന് വേണ്ടിയുള്ള പുതിയ മന്ദിരത്തിന്റെ നിർമ്മാണം ഏതു ഘട്ടത്തിലാണെന്ന് വ്യക്തമാക്കാമോ;

മറുപടി: NABARD RIDF TRANCHE XXVII പദ്ധതി പ്രകാരം തിരുവനന്തപുരം ജില്ലയിലെ നഗരൂർ കൃഷി ഭവൻ സ്മാർട്ട് കൃഷി ഭവനാ ക്കുന്നതിനായി Rs.213.7/- ലക്ഷം രൂപ അനുവദിച്ചിട്ടുണ്ട്. നാളിതുവരെ Rs.31.3517/- ലക്ഷം രൂപ നിർമ്മാണച്ചുമതലയുള്ള ഏജൻസിയായ കെ.എൽ.ഡി.സി യ്ക്ക് നൽകിയിട്ടുണ്ട് .

കൃഷിഭവൻ മന്ദിരത്തിന്റെ നിർമ്മാണ പ്രവർത്തനങ്ങൾ പുരോഗമിക്കുന്നു. സിവിൽ വർക്ക് അന്തിമ ഘട്ടത്തിലാണ്. മതിൽ, ഇന്റർലോക്ക് ഫിനിഷിങ് വർക്ക്, ഫർണ്ണിച്ചർ വർക്ക് എന്നിവ പൂർത്തിയാക്കി. ഇന്റീരിയർ പാനെല്ലിങ് പൂർത്തീകരിച്ചു വരുന്നു. ഐ.ടി എക്വിപ്മെന്റ്സ് റീ-റ്റെൻഡറിങ് നടന്നു വരുന്നു. സ്മാർട്ട് കാർഡ് നിർമാണം പുരോഗമിക്കുന്നു, 2103 എണ്ണം ഉടൻ നൽകും. ഡിജിറ്റൽ റിസോഴ്സ് മാപ്പിംഗ് പൂർത്തീകരിക്കാനുണ്ട്.

(ബി) പ്രസ്തുത പ്രവൃത്തി പൂർത്തിയാക്കുന്നതുമായി ബന്ധപ്പെട്ട് വകുപ്പ് സ്വീകരിച്ചിട്ടുള്ള നടപടികൾ വിശദമാക്കുമോ?

മറുപടി: നിർമ്മാണച്ചുമതലയുള്ള ഏജൻസിയായ KLDC-യുമായി കൃഷി വകുപ്പ് മീറ്റിംഗ് കൂടുകയും കെട്ടിടനിർമ്മാണ പ്രവർത്തനങ്ങൾ വിലയിരുത്തുകയും വേഗത്തിൽ പൂർത്തീകരിക്കുന്നതിനുള്ള നടപടി സ്വീകരിക്കുകയും ചെയ്തിട്ടുണ്ട്.

സെക്ഷൻ ഓഫീസർ